പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1291 | 03/12/2015 ൽ മറുപടിക്ക്

## റീസർവ്വേ നടപടികളുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ. | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ റീസർവ്വേയുടെ പുരോഗതിയും റീസർവ്വേ റിക്കാർഡുകൾ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്നും വിശദമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലയളവിൽ റീസർവ്വേ നടപടികൾ ഭാഗികമായി പൂർത്തിയാക്കിയിരുന്ന 54 വില്ലേജുകളുടെയും 9 ബ്ലോക്കുകളുടെയും റീസർവ്വേ ജോലികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 31/10/2012 ലെ ജി.ഒ.(എം.എസ്സ്) നമ്പർ 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കാലഹരണപ്പെട്ട റിക്കാർഡുകളും ഭൂമി സംബന്ധമായ അവ്യക്തതകളും നിലനിൽക്കുന്ന സാഹചര്യത്തിൽ റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് എത്രമാത്രം വിശ്വസനീയതയും സാധ്യതയും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തി ആധികാരിക റിക്കാർഡുകളും, മാപ്പുകളും, മറ്റു സർവ്വേ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്തും, ഭൂമിയുടെ നാളത് കൈമാറ്റങ്ങൾക്കനുസൃതമായി മാസ്റ്റർ റിക്കാർഡുകളിൽ മാറ്റം വരുത്തി നിലവിലുള്ള റിക്കാർഡുകൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നു. ഇതുവഴി റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് വിശ്വസനീയതയും സാധ്യതയും ഉറപ്പാക്കാവുന്നതാണ്. |
| (സി) റീസർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും റവന്യൂ രേഖകളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്ന വില്ലേജുകളും ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ